9909.09 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. യു.ഐ.ഡി.എസ്.എസ്.എം.റ്റി. ടാൻസിഷൻ ഫെയ്സിലുൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി ജലാശയങ്ങളുടെ സംരക്ഷണത്തിനുള്ള 10.5 കോടി രൂപ അടങ്കലുള്ള ഒരു പദ്ധതി മാവേലിക്കര മുനിസിപ്പാലിറ്റി കേന്ദ്ര നഗരകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നുവെങ്കിലും ആയതിന് കേന്ദ്രാനുമതി ലഭ്യമാകുകയുണ്ടായില്ല.

(ബി) മാവേലിക്കര മുനിസിപ്പാലിറ്റിയുടെ ജലാശയ സംരക്ഷണ പ്രോജക്ടിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പ്രോജക്ടിന്റെ ഭരണാനുമതിക്കുള്ള നടപടികൾ സ്വീകരിക്കാൻ സാധ്യമല്ലാതെ വന്നിരിക്കുകയാണ്.

(സി) മാവേലിക്കര മുനിസിപ്പാലിറ്റിയുടെ ഒരു പ്രോജക്ടും യു.ഐ.ഡി.എസ്.എസ്.എം.റ്റി. പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത സ്കീമിൽപ്പെടുത്തി തുകയൊന്നുംതന്നെ അനുവദിച്ചിട്ടില്ല.

(ഡി) ഭരണാനുമതി നൽകുവാനുള്ള പദ്ധതികളൊന്നുംതന്നെയില്ല.

(ഇ) ബാധകമല്ല.

ജൻറം പദ്ധതി

313 (3295) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രനഗരകാര്യമന്ത്രാലയം നടപ്പിലാക്കുന്ന ജൻറം പദ്ധതിയുടെ ഭാഗമായി നഗരസഭകളുടെ സുസ്ഥിര വികസനത്തിനായി സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം 2011-12-ൽ സംസ്ഥാനത്ത് എത്ര തുക ചെലവഴിച്ചു ; ഏതെല്ലാം നഗരങ്ങൾക്ക് എത്ര തുക വീതം ലഭ്യമാക്കി ;

(സി) പ്രസ്തുത പദ്ധതികൾ പ്രകാരം 2012-13-ൽ സംസ്ഥാനത്ത് എത്ര തുക ചെലവഴിച്ചു ; ഏതെല്ലാം നഗരസഭകൾക്ക് എത്ര തുക വീതം ലഭ്യമാക്കി ;

(ഡി) പ്രസ്തുത പദ്ധതികൾ പ്രകാരം 2013-14-ൽ സംസ്ഥാനത്ത് എത്ര തുക ചെലവഴിച്ചു ; ഏതെല്ലാം നഗരസഭകൾക്ക് എത്ര തുക വീതം ലഭ്യമാക്കി ;

(ഇ) പ്രസ്തുത പദ്ധതികൾ പ്രകാരം 2014-15 സംസ്ഥാനത്ത് എത്ര തുക ചെലവഴിച്ചു ; ഏതെല്ലാം നഗരസഭകൾക്ക് എത്ര തുക വീതം ലഭ്യമാക്കിയെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജൻറം പദ്ധതിയുടെ ഭാഗമായി നഗരസഭകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ആയി ചേർക്കുന്നു.*

(ബി-ഇ) പ്രസ്തുത പദ്ധതികൾ പ്രകാരം 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ സംസ്ഥാനത്ത് ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

പാതയോരങ്ങളിൽ പരസ്യ ബോർഡുകൾ

314(3296) ശ്രീ. കെ. മുരളീധരൻ :
ശ്രീ. പാലോട് രവി :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാതയോരങ്ങളിൽ പരസ്യ ബോർഡുകൾ സ്ഥാപിപ്പിക്കുന്നതിന് സൗകര്യം ഒരുക്കുന്നത് സംബന്ധിച്ച് നഗരകാര്യ വകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(സി) എത്ര തുകയാണ് പദ്ധതി വഴി സമാഹരിക്കുവാൻ ഉദ്ദേശിക്കുന്നത് ; പദ്ധതിയുടെ ചുമതല ആരെയാണ് ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നത് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനധികൃതമായി പൊതുനിരത്തുകളിലെ വൈദ്യുതി കാലുകളിലും പൊതു സ്ഥലങ്ങൾ കൈയേറിയതും ചെറുതും വലുതുമായ പരസ്യബോർഡുകൾ സ്ഥാപിച്ചും വൈദ്യുതി കാലുകളിൽ അപകടകരമായ രീതിയിൽ കേബിൾ വയറുകളും പരസ്യബോർഡുകളും മറ്റും തൂക്കിയിട്ടും പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലത്ത് അനധികൃതമായി പരസ്യ ബോർഡുകൾ സ്ഥാപിച്ചും ഗ്രാമങ്ങളും പട്ടണങ്ങളും നഗരങ്ങളും വിരൂപമാക്കുന്നത് തടയുന്നതിനും, ഈയിനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമാനുസൃതമായി ലഭിക്കേണ്ട ഫീസ് ലഭിക്കാതെ പോകുന്നത് തടയുകയും, ഫ്ലക്സ് ബോർഡുകളുടെ അനിയന്ത്രിത വർദ്ധനവ് മൂലമുണ്ടാകുന്ന പാരിസ്ഥിതികവും ആരോഗ്യപരവുമായ പ്രശ്നങ്ങൾ ലഘൂകരിക്കുന്നത് തടയുകയുമാണ് ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly